| | | | |
|---|---|---|---|
| 6. | ടൈപ്പിസ്റ്റ് | - | 2 |
| 7. | ഫയർമാൻ | - | 572 |
| 8. | പ്യൂൺ | - | 1 |
| 9. | നൈറ്റ് വാച്ചർ | - | 3 |

(ഇ) ക്വാർട്ടേഴ്സുകളിൽ മീറ്റർ ഫിറ്റ് ചെയ്യുന്ന ജോലികളും അതിനോട് അനുബന്ധമായ ചില്ലറ ജോലികളും ബാക്കിയുള്ളതിനാൽ ക്വാർട്ടേഴ്സിലേക്ക് കറന്റ് ചാർജ് ചെയ്തിട്ടില്ല. ജലവിതരണം നടത്തുന്നതിനായി പമ്പ് ഹൗസിന്റെ ത്രീ ഫേസ് കണക്ഷനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. പണി പൂർത്തിയാക്കുമ്പോൾ അപേക്ഷ നൽകിയവരുടെ മുൻഗണന അനുസരിച്ച് ക്വാർട്ടേഴ്സ് അനുവദിക്കുന്നതാണ്.

**ഫയർഫോഴ്സ് ടെക്നിക്കൽ ഡയറക്ടർ ശിവദാസന്റെ സസ്പെൻഷൻ**

**85 (4520)** ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സിൽ ടെക്നിക്കൽ ഡയറക്ടറായിരുന്ന ശിവദാസൻ എന്നയാളെ കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) സസ്പെൻഷനിലായിരുന്ന ശിവദാസനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-5-2002-ലെ വി.സി.3/2002/സി.ആർ.ഇ. നമ്പർ പ്രകാരം കൈക്കൂലി കേസിൽ ഫയർഫോഴ്സ് ടെക്നിക്കൾ ഡയറക്ടറായിരുന്ന ശിവദാസനെ അറസ്റ്റ് ചെയ്തിരുന്നു.

(ബി) കേസിന്റെ അന്വേഷണം പൂർത്തിയായി. അന്വേഷണ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(സി) സർക്കാരിന്റെ പരിശോധനയിലുണ്ട്.

**ജയിൽ ഉപദേശസമിതികളുടെ പ്രവർത്തനം**

**86 (4521)** ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിലാണ് ഉപദേശകസമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ജയിൽ ഉപദേശകസമിതികൾ സർക്കാരിന് നൽകിയ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly